**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1299** **10-10-2024 - ൽ മറുപടിയ്ക്ക്**

**പുഴയോര ടൂറിസം, കായൽ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുഴയോര ടൂറിസം, കായൽ ടൂറിസം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; | (എ) | **ഓരോ ജില്ലകളിലേയും പുഴയോര – കായലോര ടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.**<br><br>**സംസ്ഥാനത്ത് പുഴയോര/ കായൽ ടൂറിസത്തിന്റെ സാധ്യതകൾ വിനോദ സഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. പുഴയോര/ കായൽ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ടൂറിസം മേഖലയ്ക്ക് പരിചിതമാക്കിയ ഹൗസ് ബോട്ടുകൾ ഇന്ന് ലോകത്തിൽ കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ടൂറിസം ഉൽപ്പന്നമായി മാറിക്കഴിഞ്ഞു. നേരത്തെ പ്രധാനമായും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ് ബോട്ടുകൾ ഇന്ന് സംസ്ഥാനത്തിന്റെ ഇതര കായൽ മേഖലകളിലേക്കും വ്യാപിച്ചിട്ടുണ്ട്.**<br><br>**ഹൗസ് ബോട്ട് വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിനായി ഡെവലപ്മെന്റ് ഓഫ് ബാക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ ബാക് വാട്ടർ ആസ് എ മെഗാ സർക്യൂട്ട് ഇൻ കേരള എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം, കായംകുളം, അരൂക്കുറ്റി, കഞ്ഞിപ്പാടം, നെടുമുടി, തോട്ടപ്പിള്ളി എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്. ജില്ലയിലെ കായൽ ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 9,23,00,000/- രൂപ മുതൽമുടക്കിൽ ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി "നൈറ്റ് ഹാൾട് ടെർമിനൽ അറ്റ് വട്ടക്കായൽ" എന്ന പദ്ധതി ടൂറിസം വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**ഇതിനുപുറമേ പുന്നമട കായലിൽ നടത്തി വരുന്ന നെഹ്റു ട്രോഫി വള്ളംകളി, ധാരാളം സ്വദേശ വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ്. ടൂറിസം വകുപ്പ് മുൻകൈയെടുത്ത് വിജയകരമായി നടത്തി** |

| | | | |
|---|---|---|---|
| | | | **വരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് (CBL) വള്ളംകളി സംഘടിപ്പിച്ചിട്ടുണ്ട്.**<br><br>**ചാമ്പ്യൻസ് ബോട്ട് ലീഗ് നിലവിൽ മലബാറിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ പുഴയോരങ്ങളിലും കായലോരങ്ങളിലും പുതിയ ഡെസ്റ്റിനേഷൻ വളർത്തിക്കൊണ്ടുവരുവാൻ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് നടപ്പിലാക്കിയ മലബാർ - മലനാട് റിവർക്രൂയിസ് പദ്ധതി മലബാറിലെ പുഴകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിയാണ്. DTPC കളുടെ നേതൃത്വത്തിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.**<br><br>**ടൂറിസം വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുള്ള ടി പദ്ധതികൾ കേന്ദ്രീകരിച്ച്, ഗ്രാമീണ ജനങ്ങൾ ചെറുകിട കച്ചവടങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനു പുറമേ നെഹ്റു ട്രോഫി ബോട്ട് റേസ്, CBL എന്നിവ നടത്തുന്നതു വഴി ചെറുകിട കച്ചവടങ്ങൾ, ഫ്ലക്സ് ഷോപ്പുകൾ, കാറ്ററിംഗ് വർക്ക്, ശിക്കാര ബോട്ടുകൾ, ഹോംസ്റ്റേ & റിസോർട്സ്, ടാക്സി സർവീസ്, ടൂറിസ്റ്റ് ഗൈഡുകൾ തുടങ്ങി അനേകം മേഖലകളിൽ ഉള്ള ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.** |
| (ബി) | എങ്കിൽ ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്നതിന് ഈ പദ്ധതികൾ എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ഓരോ ജില്ലകളിലേയും പുഴയോര – കായലോര ടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു.**<br><br>**സംസ്ഥാനത്ത് പുഴയോര/ കായൽ ടൂറിസത്തിന്റെ സാധ്യതകൾ വിനോദ സഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. പുഴയോര/ കായൽ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ടൂറിസം മേഖലയ്ക്ക് പരിചിതമാക്കിയ ഹൗസ് ബോട്ടുകൾ ഇന്ന് ലോകത്തിൽ കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ടൂറിസം ഉൽപ്പന്നമായി മാറിക്കഴിഞ്ഞു. നേരത്തെ പ്രധാനമായും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ് ബോട്ടുകൾ ഇന്ന് സംസ്ഥാനത്തിന്റെ ഇതര കായൽ മേഖലകളിലേക്കും വ്യാപിച്ചിട്ടുണ്ട്.**<br><br>**ഹൗസ് ബോട്ട് വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിനായി ഡെവലപ്മെന്റ് ഓഫ് ബാക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ ബാക് വാട്ടർ ആസ് എ മെഗാ സർക്യൂട്ട് ഇൻ കേരള എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം, കായംകുളം, അരൂക്കുറ്റി, കഞ്ഞിപ്പാടം, നെടുമുടി, തോട്ടപ്പള്ളി എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്. ജില്ലയിലെ കായൽ ടൂറിസം മേഖലയെ** |

| | | | |
|---|---|---|---|
| | | | **ശക്തിപ്പെടുത്തുന്നതിനായി 9,23,00,000/- രൂപ മുതൽമുടക്കിൽ ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി " നൈറ്റ് ഹാൾട് ടെർമിനൽ അറ്റ് വട്ടക്കായൽ" എന്ന പദ്ധതി ടൂറിസം വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**ഇതിനുപുറമേ പുന്നമട കായലിൽ നടത്തി വരുന്ന നെഹ്റു ട്രോഫി വള്ളംകളി, ധാരാളം സ്വദേശ വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ്. ടൂറിസം വകുപ്പ് മുൻകൈയെടുത്ത് വിജയകരമായി നടത്തി വരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് (CBL) വള്ളംകളി സംഘടിപ്പിച്ചിട്ടുണ്ട്.**<br><br>**ചാമ്പ്യൻസ് ബോട്ട് ലീഗ് നിലവിൽ മലബാറിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ പുഴയോരങ്ങളിലും കായലോരങ്ങളിലും പുതിയ ഡെസ്റ്റിനേഷൻ വളർത്തിക്കൊണ്ടുവരുവാൻ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് നടപ്പിലാക്കിയ മലബാർ - മലനാട് റിവർക്രൂയിസ് പദ്ധതി മലബാറിലെ പുഴകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിയാണ്. DTPC കളുടെ നേതൃത്വത്തിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.**<br><br>**ടൂറിസം വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുള്ള ടി പദ്ധതികൾ കേന്ദ്രീകരിച്ച്, ഗ്രാമീണ ജനങ്ങൾ ചെറുകിട കച്ചവടങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനു പുറമേ നെഹ്റു ട്രോഫി ബോട്ട് റേസ്, CBL എന്നിവ നടത്തുന്നതു വഴി ചെറുകിട കച്ചവടങ്ങൾ, ഫ്ലക്സ് ഷോപ്പുകൾ, കാറ്ററിംഗ് വർക്ക്, ശിക്കാര ബോട്ടുകൾ, ഹോംസ്റ്റേ & റിസോർട്സ്, ടാക്സി സർവീസ്, ടൂറിസ്റ്റ് ഗൈഡുകൾ തുടങ്ങി അനേകം മേഖലകളിൽ ഉള്ള ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.** |
| (സി) | പുഴയോര ടൂറിസം, കായൽ ടൂറിസം എന്നീ പദ്ധതികളിൽ ഉൾപ്പെടുന്ന ജലവിതാനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഇടത്തരം തോടുകളെ വികസിപ്പിച്ചുകൊണ്ടുള്ള ഗ്രാമീണ ജല ടൂറിസം പദ്ധതികളുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **വിവിധ ജില്ലകളിലെ കായലുകളും ജലാശയങ്ങളും കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ സജീവമാണ്. ഹൗസ് ബോട്ടുകൾക്കൊപ്പം ചെറു വഞ്ചികൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയവയും ടി മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷിച്ചു വരുന്നു. കായലുകൾക്കു പുറമെ കായലുകളോട് ചേർന്ന ഇട പ്രദേശങ്ങളും (തോടുകൾ) സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുന്നുണ്ട്.**<br><br>**പുഴയോര ടൂറിസവുമായി ബന്ധപ്പെട്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കയാക്കിംഗ്, ശിക്കാര റൈഡുകൾ ഉൾപ്പെടുത്തിയുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്, വാട്ടർ സ്ട്രീറ്റ് പ്രൊജക്റ്റ് എന്നിവയും നടപ്പിലാക്കുന്നുണ്ട്. വിവിധ** |

| | | | |
|---|---|---|---|
| | | | **DTPC കളുടെ നേതൃത്വത്തിലും പദ്ധതികൾ നടപ്പിലാക്കുന്നു.** |

സെക്ഷൻ ഓഫീസർ